(സി) പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപ ഇതുവരെ ചികിത്സയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്, എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ഡി) കുടിശ്ശിക എത്രയും വേഗം കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അപേക്ഷ സമർപ്പിച്ചവരിൽ മതിയായ ബില്ലുകളും രേഖകളും സമർപ്പിച്ചിട്ടുള്ള രോഗികളിൽ 2015 ജൂലൈ മാസം വരെയുള്ള അപേക്ഷകർക്ക് റീഫണ്ട് നൽകിയിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേയ്ക്ക് ധനസഹായം നൽകുന്നതാണ്. മംഗലാപുരം/കോയമ്പത്തൂർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കുകൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 31-1-2016 വരെ 92,28,14,399 രൂപ (തൊണ്ണൂറ്റിരണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ) അനുവദിച്ചിട്ടുണ്ട്. 16-2-2016 വരെ ലഭിച്ചിട്ടുള്ള 5039 അപേക്ഷകർക്ക് 55,57,61,286 രൂപ (അമ്പത്തഞ്ച് കോടി അമ്പത്തേഴ് ലക്ഷത്തി അറുപത്തോരായിരത്തി ഇരുന്നൂറ്റി എൺപത്താറ് രൂപ) കുടിശ്ശികയായി നൽകാനുണ്ട്.

(ഡി) കുടിശ്ശിക എത്രയും വേഗം തീർക്കുന്നതിനായി ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കേന്ദ്രഗവൺമെന്റ് സ്കീമുകൾ

64 (3168) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സ്കീമുകൾ നേടിയെടുക്കുന്നതിലും സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിലും സംസ്ഥാനം പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രഗവൺമെന്റ് സ്കീമുകൾക്കുള്ള ഫണ്ട് ശരിയായ രീതിയിൽ ചെലവഴിച്ചിട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ: ഇല്ലെങ്കിൽ തുടർന്നുള്ള ഗഡുക്കൾ ലഭിക്കാനിടയുണ്ടോ;

(സി) യഥാസമയം നടപ്പിലാക്കിയിട്ടില്ല എന്ന കാരണത്താൽ ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന ഫണ്ട് തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം എന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഓരോ വർഷവും ഏതെല്ലാം വകുപ്പുകൾ, കേന്ദ്ര സ്കീമുകൾ പ്രകാരമുള്ള തുക ലാപ്സാക്കുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിനോട് കേരളം ഉന്നയിച്ച ആവശ്യങ്ങൾ

65 (3169) ശ്രീ. എം. എ. ബേബി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നതും ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; അവ ഏതൊക്കെയായിരുന്നു;

(സി) സംസ്ഥാനം ഇന്ന് പ്രധാനമായും നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങൾ പ്രസ്തുത യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രശ്നങ്ങളിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിന്നും ആരെല്ലാം പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയുണ്ടായി; ക്ഷണിക്കപ്പെട്ടിരുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly